**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1953** **29-09-2025 - ൽ മറുപടിയ്ക്ക്**

**ശുചിത്വസാഗരം സുന്ദരതീരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ശക്തികുളങ്ങര ഹാർബറിൽ നടത്തുന്ന 'ശുചിത്വസാഗരം സുന്ദരതീരം' പദ്ധതിയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ഇപ്പോൾ തൊഴിൽ ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ തൊഴിലില്ലാത്ത അവസ്ഥ ഇല്ല. |
| (ബി) | മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകൾ പ്ലാസ്റ്റിക് മാലിന്യം ഹാർബറിൽ എത്തിക്കാത്തതും പുറത്ത് നിന്ന് പ്ലാസ്റ്റിക് മാലിന്യം ഹാർബറിൽ എത്തിച്ച് തരംതിരിക്കാൻ സമ്മതിക്കാത്തതും ആണ് തൊഴിൽ പ്രതിസന്ധിയ്ക്ക് കാരണമെന്നത് അറിവുള്ളതാണോ; ഇത് പരിഹരിക്കാൻ പ്ലാസ്റ്റിക് മാലിന്യം കൊണ്ടുവരുന്ന ബോട്ടുകൾക്ക് ചെറിയ തോതിൽ പ്രതിഫലം നൽകിയും പുറത്ത് നിന്ന് പ്ലാസ്റ്റിക് മാലിന്യം ഹാർബറിൽ എത്തിച്ച് തരം തിരിക്കാൻ അനുമതി നൽകിയും തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകൾക്ക് കടലിൽ നിന്നും ലഭിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ഹാർബറിൽ എത്തിക്കുന്നതിന് നിലവിൽ പ്രതിഫലം നൽകിവരുന്നില്ല. പ്രതിഫലമില്ലാത്തതിനാൽ കടലിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ഹാർബറിൽ എത്തിക്കുന്നതിന് മത്സ്യബന്ധന തൊഴിലാളികൾ വിമുഖത കാണിക്കുന്നുണ്ട്. പുറത്ത് നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹാർബറിൽ എത്തിക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യത്തിൽ വരുന്നതല്ല.<br><br>പ്ലാസ്റ്റിക് മാലിന്യം കൊണ്ട് വരുന്ന ബോട്ടുകൾക്ക് ചെറിയ തോതിൽ പ്രതിഫലം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ